(ബി) ഇപ്രകാരം മാറ്റം വരുത്തിയാൽ 3.3 കിലോമീറ്റർ ദൈർഘ്യം കുറയ്ക്കുവാൻ കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ നടുവിൽ പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന ഹിൽ ഹൈവേയുടെ ഗതി മാറ്റണമെന്ന കാര്യം കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

നാറ്റ്പാക്കിന്റെ സഹകരണത്തോടുകൂടി ഗതാഗത സൗകര്യങ്ങൾ

58 (1304) ശ്രീ. എം. ദാസൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാറ്റ്പാക്കിന്റെ സഹകരണത്തോടു കൂടി കോഴിക്കോട് നഗരത്തിലെ റോഡുകൾ വികസിപ്പിക്കുന്നതിനും ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികൾ എവിടെയെല്ലാമാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാറ്റ്പാക്കിന്റെ സഹകരണത്തോടുകൂടി കോഴിക്കോട് നഗരത്തിലെ താഴെ പറയുന്ന റോഡ് ജംഗ്ഷനുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഡിസൈൻ സമർപ്പിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.

1. കോഴിക്കോട് മാവൂർ റോഡ് (ഇന്ദിരാഗാന്ധി റോഡ്) :- മാവൂർ റോഡ് ജംഗ്ഷൻ, രാജാജി ജംഗ്ഷൻ, ഒറ്റമ്മൽ ജംഗ്ഷൻ, ചേവായൂർ ജംഗ്ഷൻ, മെഡിക്കൽ കോളേജ് ജംഗ്ഷൻ.
2. മിനി ബൈപ്പാസ് റോഡ് :- മീഞ്ചന്ത റോഡ് ജംഗ്ഷൻ, മാൻകാവ് ജംഗ്ഷൻ, അരിയിടത്തു പാലം, എരത്തിപ്പാലം ജംഗ്ഷൻ, കാരപ്പറമ്പ് ജംഗ്ഷൻ, ഗസ്റ്റ്ഹൗസ് ജംഗ്ഷൻ.

ആനക്കല്ല്-പാലയ്ക്കൽ പെരിങ്ങോട്ടുകര റോഡ് നിർമ്മാണം

59 (1305) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് നിയോജകമണ്ഡലത്തിലെ ആനക്കല്ല്-പാലയ്ക്കൽ-പെരിങ്ങോട്ടുകര റോഡിന്റെ പുനരുദ്ധാരണത്തിനായി നടപടി എടുത്തിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ എത്ര സംഖ്യ നീക്കിവച്ചിട്ടുണ്ട് ;

(സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഭരണാനുമതി നൽകാത്തതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly